യുവാക്കൻമാർക്ക് തിരുവനന്തപുരം ടെലിക്സ് ലിമിറ്റഡ് വഴി ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സിൽ 6 മാസം നീണ്ടുനിന്ന ഒരു വിദഗ്ധ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള തൊഴിൽരഹിതരായ യുവാക്കളെ ദാരിദ്ര്യ രേഖയ്ക്കു മുകളിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

യുവജനക്ഷേമ ബോർഡിന്റെ പുതിയ പദ്ധതികൾ

17 (165) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മ കുറയ്ക്കുന്നതിന് യുവജനക്ഷേമബോർഡ് വഴി ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) യുവജനനയത്തിന് രൂപം നൽകാനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും, അത് എന്നത്തേയ്ക്ക് പ്രഖ്യാപിക്കുമെന്നും വ്യക്തമാക്കാമോ ;

(ഡി) യുവജന നയം മൂലം സംസ്ഥാനത്തെ മനുഷ്യവിഭവശേഷി ഉയർത്താൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ തൊഴിലില്ലായ്മ കുറയ്ക്കുന്നതിന് പര്യാപ്തമായ വിവിധ തൊഴിൽ പരിശീലന പദ്ധതികൾ വിവിധ വകുപ്പുകളിലൂടെ നടപ്പാക്കുന്നതു സംബന്ധിച്ച് സർക്കാർ നിയമിച്ച വിദഗ്ദ്ധ സമിതി അവരുടെ ഒന്നാമത് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്. ഈ റിപ്പോർട്ട് അംഗീകരിച്ചു കഴിയുമ്പോൾ വിവിധ തൊഴിൽ പരിശീലന പദ്ധതികൾ വിവിധ വകുപ്പുകളിലൂടെ നടപ്പാക്കി അതുവഴി തൊഴിലില്ലായ്മയ്ക്ക് കുറവു വരുത്താൻ കഴിയും.

(സി&ഡി) യുവജനനയത്തിന് രൂപം നൽകുന്നതിനും യുവജനക്ഷേമ കാര്യങ്ങളെക്കുറിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിനുമായി സർക്കാർ നിയമിച്ച വിദഗ്ദ്ധ സമിതി സമർപ്പിച്ച ഒന്നാമത് റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്. നയം രൂപീകരിക്കുമ്പോൾ മനുഷ്യവിഭവശേഷി ഉയർത്താനുള്ള പരിപാടികൾ ഉൾക്കൊള്ളിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly